# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.* 81 — 06/06/2018-ൽ മറുപടിയ്ക്ക്

## തൊഴിലാളി -സംരംഭക സൗഹൃദ സംസ്ഥാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അനിൽ അക്കര<br>" കെ.മുരളീധരൻ<br>" എൽദോസ് പി. കുന്നപ്പിള്ളിൽ<br>" റോജി എം. ജോൺ | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും നൈപുണ്യവും എക്സൈസും വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്തെ തൊഴിലാളി -സംരംഭക സൗഹൃദമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(എ) കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്റ്റ്,ഫാക്ടറീസ് ആക്ട് എന്നിവയ്ക്ക് കീഴിൽ വരുന്ന തൊഴിൽ സ്ഥാപനങ്ങൾക്കും വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കും പ്രവർത്തന മികവ് ആസ്ഥാനമാക്കി ഗ്രേഡിംഗ് ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. തൊഴിലുടമകൾ നൽകുന്ന സേവനവേതന വ്യവസ്ഥകളുടെയും മറ്റ് പ്രവർത്തന മികവുകളുടെയും അടിസ്ഥാനത്തിൽ പ്രോത്സാഹനം നൽകി അംഗീകരിക്കാനും ആയതിന് സർട്ടിഫിക്കറ്റ് ഓഫ് എക്സലൻസ് നൽകാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അസംഘടിത മേഖലയിലെ തൊഴിലാളിക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പ് വരുത്തുന്നതിലേക്കുമായി വേതന സുരക്ഷാപദ്ധതി (WPS) നടപ്പിലാക്കിയിട്ടുണ്ട്.തൊഴിലും നൈപുണ്യവും വകുപ്പിന്റെ ഡിജിറ്റലൈസേഷൻ പരിപാടിയിലൂടെ വകുപ്പിന്റെ വിവിധ ഓഫീസുകളിൽ നിന്നും വിവിധ തൊഴിൽ നിയമപ്രകാരമുള്ള രജിസ്ട്രേഷൻ. റിന്യൂവൽ, അമൻമെന്റ് തുടങ്ങിയ സേവനങ്ങൾക്കുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുവാനും ഫീസ് ഓൺലൈനായി അടയ്ക്കുന്നതിനും സൗകര്യമൊരുക്കിയിട്ടുണ്ട്. സംസ്ഥാനത്തെ തൊഴിലാളി സംരംഭക സൗഹൃദമാക്കുന്നതിനും

സിംഗിൾ വിൻഡോ സംവിധാനം ഏർപ്പെടുത്തുന്നതിനുമായി The Kerala Investment Promotion & Facilitation Act എന്ന പേരിൽ ഒരു

നിയമവും പാസ്സാക്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | അമിതകൂലി ആവശ്യപ്പെടുന്നതും ചെയ്യാത്ത ജോലിക്ക് കൂലി ആവശ്യപ്പെടുന്നതും കുറ്റകരമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഗാർഹിക, കാർഷിക കയറ്റിറക്ക് മേഖലകളിൽ തൊഴിലുടമയ്ക്ക് ഇഷ്ടമുള്ള തൊഴിലാളികളെ നിയോഗിക്കുന്നതിനുള്ള അവകാശം നൽകിയിട്ടുണ്ടോ; | (സി) | ഉണ്ട് |
| (ഡി) | ഇതു സംബന്ധിച്ച് തൊഴിലാളി സംഘടനകൾക്ക് ആവശ്യമായ ബോധവൽക്കരണം നൽകുന്നതിനും അവരുടെ സഹകരണം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ഡി) | ഉണ്ട്. |
| (ഇ) | നോക്കുകൂലി നിരോധിച്ചുകൊണ്ടുള്ള ഉത്തരവ് നിലവിൽ വന്നതിനു ശേഷവും ചില സ്ഥലങ്ങളിൽ നോക്കുകൂലി ആവശ്യപ്പെടുന്നതായ വാർത്ത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;ഉണ്ടെങ്കിൽ ഇത്തരം കേസുകളിൽ കർശന നടപടി സ്വീകരിക്കുമോ? | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.ഇത്തരം നടപടികൾക്കെതിരെ കർശന നടപടി സ്വീകരിക്കുകയും അമിതകൂലി ഇനത്തിൽ ഈടാക്കിയ തുക തിരികെ വാങ്ങി നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ